**"ഭരണ ഭാഷ – മാതൃഭാഷ"**

**ഇൻഫർമേഷൻ കേരളാ മിഷൻ**

'പ്രതീക്ഷ' ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

**27.11.2014-ന് വൈകുന്നേരം 4:00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

ഹാജർ:-

1. ശ്രീ.ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് **(ചെയർമാൻ)**
2. ശ്രീ.ഇ.കെ.പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. അജിത് ബ്രഹ്മാനന്ദൻ, ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം
4. ഡോ.എം.ഷംസുദ്ദീൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം **(മെമ്പർ സെക്രട്ടറി)**

**"ഭരണ ഭാഷ – മാതൃഭാഷ"**

**ഇൻഫർമേഷൻ കേരളാ മിഷൻ**

'പ്രതീക്ഷ' ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

27.11.2014-ന് വൈകുന്നേരം 4:00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| 5.1 | 09.10.2014 തീയതിയിൽ നടന്ന 4-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ |

4-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. മിനിട്ട്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**എടുത്ത തീരുമാനം:** മിനിട്ട്സ് അംഗീകരിച്ചു.

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| 5.2 | 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ മിനിട്ട്സിൻമേൽ എടുത്ത നടപടി. |

**3.10 ഡെപ്യൂട്ടേഷനിലുള്ള ഉദ്യോഗസ്ഥർ ഐ.കെ.എമ്മിൽ തുടരുന്നത് സംബന്ധിച്ച്.**

20.01.2014 തീയതിയിലെ G.O.(Ms)No.15/2014/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 19(a) പ്രകാരം ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്ന ദിവസം ഐ.കെ.എമ്മിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന 6 ഉദ്യോഗസ്ഥർ തിരികെ മാതൃവകുപ്പിലേക്ക് പോകുകയോ പ്രത്യേക ഉത്തരവോടുകൂടി ഡെപ്യൂട്ടേഷൻ പുതുക്കുകയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥരെ ഐ.കെ.എമ്മിൽ തുടരാൻ അനുവദിക്കുന്നതിന് വേണ്ടി സർക്കാരിലേക്ക് കത്ത് നൽകിയിരുന്നു.
എന്നാൽ ഇതിൻ മേൽ തുടർ നടപടി ആവശ്യമില്ല എന്ന് കാണിച്ച് ഫയൽ തീർപ്പാക്കി എന്നാണ് തദ്ദേശ സ്വയംഭരണ വകുപ്പ് (ഐ.ബി) സെക്ഷനിൽ നിന്നും അറിയാൻ സാധിച്ചത്.

ശ്രദ്ധയിൽപ്പെടുത്തി.

**3.11 ശ്രീമതി. സിബി.എം, ജൂനിയർ ടെക്നിക്കൽ ഓഫീസർ, (ആലപ്പുഴ ജില്ല) ജോലിയിൽ നിന്നും പിരിച്ച് വിടുന്നത് സംബന്ധിച്ച്.**

14.01.2013 മുതൽ 12.07.2013 വരെ മെറ്റേർനിറ്റി ലീവിലായിരുന്ന ശ്രീമതി. സിബി.എം, ജൂനിയർ ടെക്നിക്കൽ ഓഫീസർ തിരികെ ജോലിയിൽ പ്രവേശിക്കാത്ത സാഹചര്യത്തിൽ ടിയാളെ ഐ.കെ.എമ്മിന്റെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ 04.08.2014 ലെ 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 3.11 എന്ന തീരുമാന പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ, 18.08.2014 ലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 957/ഇ2/2014/ഐകെഎം ഉത്തരവ് പ്രകാരം ശ്രീമതി. സിബി.എം, ജൂനിയർ ടെക്നിക്കൽ ഓഫീസറെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവ് ഇറക്കി. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേക്കായി.

ശ്രദ്ധയിൽപ്പെടുത്തി.

**3.12 ശ്രീമതി.പ്രജീഷ.എസ്, ജൂനിയർ ടെക്നിക്കൽ ഓഫീസർ, (എറണാകുളം ജില്ല) ജോലിയിൽ തുടരുന്നതിനുള്ള കഴിവില്ലായ്മ സംബന്ധിച്ച്.**

04.11.2006 മുതൽ കഴിഞ്ഞ 8 വർഷമായി ഐ.കെ.മ്മിൽ ജോലിയിൽ തുടരുന്ന എറണാകുളം ജില്ലയില ജൂനിയർ ടെക്നിക്കൽ ഓഫീസറായ ശ്രീമതി.പ്രജീഷ.എസ്- ന്റെ കഴിവില്ലായ്മയും, ഒട്ടും കാര്യക്ഷമതയില്ലാത്ത പ്രവർത്തനവും മൂലം തദ്ദേശ ഭരണസ്ഥാപനങ്ങളിൽ വളരെയധികം പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ, ഇ-ഗവേണൻസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി ഡിസ്ട്രിക്ട് കോർഡിനേറ്ററും, പല സെക്രട്ടറിമാരും തുടർച്ചയായി റിപ്പോർട്ട് ചെയ്തിരുന്നു. പല തവണ അച്ചടക്ക നടപടി എന്ന നിലയിൽ ഈ ജീവനക്കാരിയെ സ്ഥല മാറ്റം ചെയ്തിട്ടുണ്ടെങ്കിലും, പ്രവർത്തനത്തിൽ യാതൊരു മാറ്റവും സംഭവിച്ചിട്ടില്ലാത്തതിനാൽ ടി ഉദ്യോഗസ്ഥ സർവ്വീസിൽ തുടരാൻ അർഹയല്ല എന്ന് കാണിച്ച് 04.08.2014 ലെ 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ടി വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾക്കായി സമർപ്പിച്ചിരുന്നു. എക്സിക്യൂട്ടീവ് ഡയറക്ടർ ഉചിതമായ

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | നടപടി സ്വീകരിക്കാവുന്നതാണ് എന്നാണ് എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചത്.<br>എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.10.2014 ലെ 2364/ 483/ഇ2/2014 കത്ത് പ്രകാരം രണ്ടു മാസത്തിനകം പ്രവർത്തനം മെച്ചപ്പെടുത്താത്ത പക്ഷം സർവ്വീസിൽ തുടരാൻ അനുവദിക്കുന്നതല്ല എന്ന് കാണിച്ച് മെമ്മോ നൽകിയിട്ടുണ്ട്. |
| | ശ്രദ്ധയിൽപ്പെടുത്തി. |
| | **3.14 ഐ.കെ.എമ്മിന് പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുമുള്ള അനുമതി സംബന്ധിച്ച്** |
| | 4.08.2014 ലെ 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 3.14 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുമുള്ള അനുമതി നൽകിയിരുന്നു. തുടർന്ന് 01.11.2014 ന് കൂടിയ ഐ.കെ.എമ്മിന്റെ ടെക്നിക്കൽ കമ്മിറ്റിയിൽ ബിസിനെസ്സ് ക്ലാസ് ലാപ്ടോപ്, ഹൈ-സ്പീഡ് ഡോക്യുമെന്റ് സ്കാനർ എന്നിവയുടെ സ്പെസിഫിക്കേഷൻ തീരുമാനിച്ച് അംഗീകരിച്ചു. എൽ.സി.ഡി പ്രൊജക്ടർ ഡി.ജി.എസ്. & ഡി റേറ്റ് കോൺട്രാക്ട് പ്രകാരം വാങ്ങാവുന്നതാണ്. തുടർ നടപടികൾ നടന്നുവരുന്നു. |
| | ശ്രദ്ധയിൽപ്പെടുത്തി. |
| | **3.16 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വെബ്സൈറ്റ് വരിസംഖ്യ/ എസ്.എം.എസ്/ഇ-പേയ്മെന്റ് ഗേറ്റ് വേ എന്നിവയുള്ള തുക ലഭ്യമാക്കുന്നത് സംബന്ധിച്ച്.** |
| | 4.08.2014 ലെ 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 3.16 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം എൻ.ഐ.സി – യിൽ നിന്നും സൗജന്യമായി എസ്.എം.എസ് ലഭിക്കുന്നതാണ് എന്ന് ശ്രീ.അജിത് ബ്രഹ്മാനന്ദൻ സൂചിപ്പിച്ചതനുസരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിക്കുകയും ചെയ്തു.<br>തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ എം-ഗവേണൻസ് പ്രവർത്തനങ്ങൾക്കായി സൗജന്യമായി SMS ലഭിക്കുന്നതിന് സി-ഡാക്ക് ഉം പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി.ഡി യുമായി എഗ്രിമെന്റ് ഒപ്പു വച്ചിട്ടുണ്ട്. തുടർ നടപടികൾ നടന്നുവരുന്നു. |
| | ശ്രദ്ധയിൽപ്പെടുത്തി. |
| | **3.19 ഐ.കെ.എം - ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും, അക്കൗണ്ടന്റ് കം ഐ.റ്റി എക്സ്പർട്ടുമാർക്കും പ്രതിമാസം 250/- രൂപ മൊബൈൽ അലവൻസ് അനുവദിയ്ക്കുന്നത് സംബന്ധിച്ച്.** |
| | ഐ. കെ. എം മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തിനായി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ജില്ലാ പ്ലാനിംഗ് ഓഫീസ്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ വിന്യസിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും, ബ്ലോക്ക് പഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള അക്കൗണ്ടന്റ് കം ഐ.റ്റി എക്സ്പർട്ടുമാർക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി 250/- രൂപ മൊബൈൽ അലവൻസ് അനുവദിയ്ക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.<br>4.08.2014 ലെ 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 3.14 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം CUG എടുക്കാമോ എന്ന് പരിശോധിക്കേണ്ടതാണെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബി.എസ്.എൻ.എൽ -ൽ നിന്നും ലഭിച്ച സി.യു ജി. പ്ലാനിനെ സംബന്ധിച്ച Comparative Statement അനുബന്ധം-1 ആയി ചേർക്കുന്നു. തുടർ നടപടികൾക്കായി. |
| | **എടുത്ത തീരുമാനം:** രണ്ട് പ്രൊപ്പോസൽ മാത്രമേ ലഭിച്ചുള്ളൂ. ആയതിനാൽ ഒരു തവണകൂടി ക്വട്ടേഷൻ വിളിക്കാൻ തീരുമാനിച്ചു. |
| | **3.22 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെർവർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാർഷിക അറ്റകുറ്റ പണികൾ നടപ്പാക്കുന്നത് സംബന്ധിച്ച്.** |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | 20.01.2014 തീയതിയിലെ G.O.(Ms) No.15/2014/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലാ, റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 7(h) പ്രകാരം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റ പണികൾ നടപ്പാക്കുന്നതിനുള്ള ചുമതല ഐ.കെ.എമ്മിൽ നിക്ഷിപ്തമാക്കിയിരിക്കുന്നതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെർവർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാർഷിക അറ്റകുറ്റ പണികൾ ഐ.കെ.എമ്മിന്റെ മേൽ നോട്ടത്തിൽ നടപ്പാക്കുന്നതിനു വേണ്ടി പബ്ലിക് ടെണ്ടർ വിളിച്ച് ഒരു ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറെ എൽപ്പിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ചിരുന്നു.<br><br>4.08.2014 ലെ 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 3.14 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലുള്ള ഹാർഡ്‌വെയറുകളുടെ ലിസ്റ്റ് തയ്യാറാക്കി ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ അയക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാരിലേക്ക് ഉത്തരവിനായി സമർപ്പിച്ചിട്ടുണ്ട്. |
| | **എടുത്ത തീരുമാനം:** സ്പെസിഫിക്കേഷൻ ഉൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ ഒരു മാസത്തിനകം സർക്കാരിലേക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള, 5 വർഷത്തിനു മേൽ പഴക്കമുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി എടുക്കേണ്ടതില്ല എന്നും, പകരം പുതിയ കമ്പ്യൂട്ടർ വാങ്ങേണ്ടതാണ് എന്ന ശുപാർശയോട് കൂടി സർക്കാരിലേക്ക് ഒരു കത്ത് അയക്കാനും നിർദ്ദേശിച്ചു. |
| 5.3 | **4-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ മിനിട്ട്സിൻമേൽ എടുത്ത നടപടി.** |
| | **4.3 ഐ.കെ.എം-ന്റെ 2014-2015 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച്.** |
| | 09.10.2014 ലെ 4-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 4.2 നമ്പർ തീരുമാനപ്രകാരം ചാർട്ടേഡ് അക്കൗണ്ടന്റ്മാരുടെ ഫേമിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇൻടറസ്റ്റ് വാങ്ങുന്നതിനുള്ള കത്ത് നൽകിയിട്ടുണ്ട്. ടി പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കുന്നതാണ്. |
| | ശ്രദ്ധയിൽപ്പെടുത്തി. |
| | **4.4 ഡേറ്റാ സെന്ററിലേക്ക് സെർവർ വാങ്ങുന്നതിന് ഇ-ടെന്റർ നൽകിയതിന്റെ തുടർ നടപടികൾ സംബന്ധിച്ച്.** |
| | 09.10.2014 തീയതിയിൽ നടന്ന 4-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 4.4 നമ്പർ അജണ്ട പ്രകാരം L1 Bid ആയ M/s. Dimension Data India Limited എന്ന സ്ഥാപനത്തിൽ നിന്നും ഡാറ്റാ സെന്ററിലേക്ക് സെർവർ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ചിരുന്നു. തുടർന്ന് ടി സ്ഥാപനത്തിൽ നിന്നും Letter of Acceptance വാങ്ങിയിട്ടുണ്ട്. ഉടനെ തന്നെ പർച്ചേസ് ഓർഡർ നൽകുന്നതാണ്. |
| | **എടുത്ത തീരുമാനം:** നടപടികൾ അംഗീകരിച്ചു. |
| | **4.6 തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റ് പുനഃക്രമീകരിക്കുന്നതിന് വേണ്ടി ഓപ്പൺ സോഴ്സ് സംവിധാനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഒരാളെ താൽകാലികമായി നിയമിക്കുന്നത് സംബന്ധിച്ച്.** |
| | 09.10.2014 തീയതിയിൽ നടന്ന 4-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 4.6 നമ്പർ അജണ്ട തീരുമാന പ്രകാരം ഒരാളെ താൽകാലികമായി നിയമിക്കുന്നതിന് അംഗീകാരം നൽകിയിരുന്നു. തുടർന്ന് പത്രത്തിൽ പരസ്യം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരാളുടെ അപേക്ഷ മാത്രമേ ലഭിച്ചുള്ളൂ. ഈ അപേക്ഷയിൽ മതിയായ യോഗ്യത ഉള്ളതായി കാണുന്നില്ല. ആയതിനാൽ പ്രതിഫലം പ്രതിമാസം 15000/- രൂപയിൽ നിന്നും 30000/- രൂപയാക്കി ഉയർത്തി പത്രത്തിൽ പരസ്യം നൽകുന്നതിനുള്ള അനുമതിക്കായി. |
| | **എടുത്ത തീരുമാനം:** 22,500/- രൂപ വേതനം നിശ്ചയിച്ച് വീണ്ടും പത്ര പരസ്യം ചെയ്യാൻ നിർദ്ദേശിച്ചു. |
| | **4.10 ഡേറ്റാ സെന്ററിൽ നിലവിലുള്ള ഐ.കെ.എം സെർവറിന്റെ AMC പുതുക്കുന്നത് സംബന്ധിച്ച്.** |
| | ഡേറ്റാ സെന്ററിൽ നിലവിലുള്ള ഐ.കെ.എമ്മിന്റെ 4 സെർവറുകൾക്ക് AMC പുതുക്കുന്നതിലേക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ടെണ്ടർ വിളിച്ചിട്ടുണ്ട്. തുടർ നടപടികൾ നടന്നുവരുന്നു.<br>ശ്രദ്ധയിൽപ്പെടുത്തി. |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | **4.12 ശ്രീ. ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ, കോഴിക്കോട് കോർപ്പറേഷൻ ശിക്ഷണനടപടി സംബന്ധിച്ച്.** |
| | 18.09.2014 ലെ നം.7937/A-9/E3/2014/IKM നമ്പർ നോട്ടീസ് പ്രകാരം ചെയ്ത ഗുരുതരമായ അച്ചടക്ക ലംഘനത്തിനും, കൃത്യവിലോപവും സംബന്ധിച്ച് എന്തെങ്കിലും ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ നിശ്ചിത കാലയളവിനുള്ളിൽ തൃപ്തികരമായ വിശദീകരണം ലഭിക്കാത്ത പക്ഷം ഇനി ഒരു അറിയിപ്പ് കൂടാതെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതാണ് എന്ന് ശ്രീ.ആനന്ദ്.യു.ആർ നെ അറിയിച്ചിരുന്നു. തുടർന്ന് 09.10.2014 ലെ 4-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 4.12 നമ്പർ തീരുമാനപ്രകാരം ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കാൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.<br><br>18.09.2014-ന് നൽകിയ നോട്ടീസിനു 20.10.2014-ന് നൽകിയ മറുപടിയിൽ തന്റെ പ്രായവും, കുടുബ ചുറ്റുപാടുകളും പരിഗണിച്ച് പിരിച്ചുവിടൽ നടപടികളിൽ നിന്നും ഒഴിലാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. (ശ്രീ. ആനന്ദ്.യു.ആർ -ന് നൽകിയ താൽക്കാലിക പിരിച്ചുവിടൽ നോട്ടീസിന് നൽകിയ മറുപടി **അനുബന്ധം-2** ആയി ചേർക്കുന്നു.)<br><br>മാനുഷിക പരിഗണന പ്രകാരം ശ്രീ.ആനന്ദ്.യു.ആർ അനധികൃതമായി ലീവിൽ പ്രവേശിച്ച കാലയളവ് സേവന ഭംഗമായി കണക്കാക്കി ഉത്തരവാകാവുന്നതാണോ? എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. |
| | **എടുത്ത തീരുമാനം** ശ്രീ.ആനന്ദിന് നൽകിയ നോട്ടീസിനു അദ്ദേഹം നൽകിയ മറുപടി എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി പരിശോധിക്കുകയും, ശ്രീ. ആനന്ദ് തുടർച്ചയായി മനപ്പൂർവ്വം സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്നതായും, നിലവിലുള്ള സംവിധാനങ്ങളെ അനുസരിക്കാൻ ശ്രീ.ആനന്ദ് തയ്യാറാകുന്നില്ല എന്നും കമ്മിറ്റിക്ക് ബോധ്യപ്പെട്ടു. മെഡിക്കൽ അവധി എടുത്ത് അനുമതിയില്ലാതെ വിദേശ യാത്ര നടത്തുക, തുടർച്ചയായി അനുമതിയില്ലാതെ ജോലിയിൽ നിന്ന് വിട്ടുനിൽക്കുക തുടങ്ങിയ കടുത്ത അച്ചടക്ക ലംഘനങ്ങൾ അനുവദിച്ചുകൊടുക്കുന്നത് ഇൻഫർമേഷൻ കേരള മിഷനിലെ മറ്റു ജീവനക്കാർക്കും ഒരു തെറ്റായ മാതൃക കാണിച്ചുകൊടുക്കുമെന്നും കമ്മിറ്റിക്ക് ബോധ്യമായ സാഹചര്യത്തിൽ ശ്രീ.ആനന്ദിന്റെ മറുപടി നിരസിച്ചുകൊണ്ട് ഇദ്ദേഹത്തെ ഇൻഫർമേഷൻ കേരള മിഷന്റെ സേവനത്തിൽ നിന്നും നീക്കം ചെയ്യാൻ കമ്മിറ്റി തീരുമാനിച്ചു. |
| 5.4 | **സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന് അനുവദിച്ച സ്ഥലത്ത് സിവിൽ വർക്കുകൾ സർക്കാർ അംഗീകൃത ഏജൻസികൾ വഴി ഐ.കെ.എമ്മിന് നേരിട്ട് ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച്.** |

ചീഫ് എൻജിനീയറുടെ 25.10.2014 ലെ ഡി.ബി1/500/2014/തസ്വഭവ നമ്പർ കത്ത് പ്രകാരം ഐ.കെ.എമ്മിന് അനുവദിച്ച സ്ഥലത്ത് നാളിതു വരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നും, വർഷാവസാനത്തോടെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേക്ക് മാറണമെന്നും, പിന്നെയും വാടക കൂട്ടി കൊടുക്കേണ്ടി വന്നാൽ കൂടുതൽ കൊടുക്കേണ്ടി വരുന്ന തുകയുടെ ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായിരിക്കുമെന്ന് ബഹു:മനുഷ്യാവകാശ കമ്മിഷൻ 30.07.2014 ലെ എച്ച്.ആർ.എം.പി. 4748/2014 നമ്പർ ഉത്തരവായിട്ടുണ്ടെന്നും, ആയതിനാൽ സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന് അനുവദിച്ചിട്ടുള്ള സ്ഥലത്ത് എത്രയും വേഗം ഓഫീസ് പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ സ്വരാജ് ഭവനിലെ സിവിൽ വർക്കുകൾ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെയാണ് സർക്കാർ നിയമച്ചിരുന്നത്. പാർട്ടീഷൻ, ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിംഗ് ജോലികൾ പൂർത്തീകരിക്കാത്തതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഭാഗത്ത് നിന്നുമുള്ള കാല താമസം കാരണമാണ് ഐ.കെ.എം ഓഫീസ് സ്വരാജ് ഭവനിലേയ്ക്ക് ഇതു വരെ മാറാൻ കഴിയാത്തത്.

ടി വർക്കുകൾ അടിയന്തിരമായി നടപ്പാക്കുന്നതിനു 30.07.2014 ലെ ജി.ഒ(പി)നം.311/14/ഫിൻ ഉത്തരവ് പ്രകാരം സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്നതിനുള്ള അനുമതിക്കായി 4-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് നടപടികൾ തുടരാനാണ് എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചത്.

നിർമ്മിതി കേന്ദ്രത്തോട് ടി വർക്കുകളുടെ എസ്റ്റിമേറ്റ് നൽകാൻ ആവശ്യപ്പെട്ടെങ്കിലും അവർ നൽകിയില്ല. സിഡ്കോ എന്ന സ്ഥാപനത്തെയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വരാജ് ഭവനിലെ എല്ലാ സിവിൽ വർക്കുകളും ചെയ്യുന്നതിന് നിയോഗിച്ചത്. എന്നാൽ അവർ പ്രസ്തുത വർക്ക് ഏറ്റെടുത്തില്ല. ഐ.കെ.എം ആവശ്യപ്പെട്ടതനുസരിച്ച് ഹാബിറ്റാറ്റ് ടെക്നോളജി സ്വരാജ് ഭവനിലെ ഐ.കെ.എമ്മിന്റെ സിവിൽ വർക്കുകൾ ഏറ്റെടുക്കുന്നതിനു 30.07.2014 ലെ ജി.ഒ. (പി) 311/14/ഫിൻ നമ്പർ പ്രകാരമുള്ള ഗവൺമെന്റ് മാനദണ്ഡ പ്രകാരം ഒരു എസ്റ്റിമേറ്റ് നൽകിയിരുന്നു. പ്രസ്തുത

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|

റേറ്റ് സർക്കാർ അംഗീകൃത റേറ്റാണ് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അംഗീകരിച്ചിട്ടുണ്ട്.

30.07.2014 ലെ ജി.ഒ.(പി)311/14/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം തനതായ എഞ്ചിനീയറിങ്ങ് വിഭാഗം ഇല്ലാത്ത സ്ഥാപനങ്ങൾ അവരവരുടെ സിവിൽ വർക്കുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവില്ലാതെ തന്നെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൽട്ടന്റിനേയോ / ഡെപോസിറ്റ് വർക്കായോ സർക്കാർ അംഗീകൃത റേറ്റിൽ അക്രഡിറ്റഡ് ഏജൻസികളെ ക്വട്ടേഷൻ കൂടാതെ തന്നെ അവരവരുടെ നിർദിഷ്ട സാമ്പത്തിക അധികാരത്തിന്റെ പരിധിയിൽ നിന്നു കൊണ്ട് നേരിട്ട് ഏൽപ്പിച്ച് നടപ്പാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.

ആയതിനാൽ ടി അടിയന്തിര സാഹചര്യം കണക്കിലെടുത്ത് സ്വരാജ് ഭവനിലെ ഐ.കെ.എമ്മിന്റെ സിവിൽ വർക്കുകൾ ഹാബിറ്റാറ്റ് ടെക്നോളജി മുഖേന **48,45,069/-** രൂപയ്ക്ക് നടപ്പാക്കുന്നതിന് അനുമതിക്കായി സമർപ്പിക്കുന്നു.

പ്രസ്തുത വർക്കുകളുടെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു:

| | | |
|---|---|---|
| 1. | സിവിൽ വർക്ക് | : 5,44,959.00 |
| 2. | അലുമിനിയം പാർട്ടീഷൻ | : 13,37,598.00 |
| 3. | ഫാൾസ് സീലിംഗ് | : 5,18,785.00 |
| 4: | വർക്ക് സ്റ്റേഷൻ, ഇന്റീരിയർ & ഫർണിച്ചർ | : 15,89,365.00 |
| 5. | പ്രൊഫഷണൽ ഫീ & ടാക്സ് | : 8,54,362.00 |
| | **ആകെ മൊത്തം** | : 48,45,069.00 |

**എടുത്ത തീരുമാനം:** സിവിൽ വർക്കുകൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുഖേന നടപ്പാക്കി സമയ പരിധിക്കുള്ളിൽ ഐ.കെ.എമ്മിന്റെ പ്രവർത്തനം സ്വരാജ് ഭവനിൽ തുടങ്ങണമെന്ന് നിർദ്ദേശിച്ചു.

| 5.5 | **സ്വരാജ് ഭവനിൽ താൽക്കാലിക സൗകര്യങ്ങൾ ഒരുക്കി മാറുന്നതിനുള്ള അനുമതി സംബന്ധിച്ച്.** |
|---|---|

സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന് നൽകിയ താഴത്തെ നിലയിലെ സിവിൽ വർക്കുകൾ, പാർട്ടീഷൻ, ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിംഗ് എന്നീ ജോലികൾ പൂർത്തീകരിച്ച് ഡിസംബർ 31 നകം സ്വരാജ് ഭവനിലേക്ക് മാറേണ്ടതാണെന്നും അല്ലാത്ത പക്ഷം മനുഷ്യാവകാശ കമ്മിഷന്റെ നിർദ്ദേശ പ്രകാരം തുടർന്നുള്ള മാസങ്ങളുടെ വാടക അതാത് സ്ഥാപനത്തിലെ മേലധികാരിയിൽ നിന്ന് ഈടാക്കുമെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്.

31 ഡിസംബറിനകം ടി വർക്കുകൾ പൂർത്തീകരിക്കാൻ സാധിക്കാതെ വന്നാൽ അത്യാവശ്യ സാഹചര്യത്തിൽ ഐ.കെ.എമ്മിന് നൽകിയ താഴത്തെ നിലയിൽ താൽകാലിക നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ, യു.പി.എസ് എന്നീ സൗകര്യങ്ങൾ ഒരുക്കി സ്വരാജ് ഭവനിലേക്ക് മാറുന്നതിനുള്ള അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**എടുത്ത തീരുമാനം:** താൽകാലിക നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ, യു.പി.എസ്/ടെലഫോൺ കണക്ഷൻ എന്നിവ ചെയ്യുന്നതിനുള്ള 2,07,100/- രൂപയുടെ പ്രോപോസലിനു അനുമതി നൽകി. 2014 ഡിസംബർ 31 നകം ഐ.കെ.എം പൂർണ്ണമായും സ്വരാജ് ഭവനിലേക്ക് മാറേണ്ടതാണ്. താൽകാലിക നെറ്റ് വർക്കിംഗ്- ന് വേണ്ടി വാങ്ങുന്ന സാമഗ്രികൾ യഥാർത്ഥ നെറ്റ് വർക്കിംഗ് നടത്തുമ്പോൾ സാധിക്കുമെങ്കിൽ കഴിയുന്നത്ര പ്രയോജനപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചു.

| 5.6 | **ശ്രീ.ദിൽഷ.എസ് – ന് മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് തുക അനുവദിക്കുന്നത് സംബന്ധിച്ച്.** |
|---|---|

ഐ.കെ.എം സർവീസിൽ ഉണ്ടായിരുന്ന ശ്രീ.ദിൽഷ.എസ്സ് അദ്ദേഹത്തിന്റെ മാതാവിന്, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ചികിത്സയ്ക്ക് ചിലവായ തുക ഐ.കെ.എം ഫണ്ടിൽ നിന്നും നൽകുന്നതിന് 17.04.2013 ലെ നം.17236/IB1/13/LSGD കത്ത് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. (അനുബന്ധം-3) ഇതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടറുടെ 29.11.2013 ലെ 6017/IKM/E-4/2013, 6584/IKM/E-4/2013 എന്നീ ഉത്തരവുകൾ പ്രകാരം അദ്ദേഹത്തിന് ചികിത്സയ്ക്ക് ചിലവായ തുകയിൽ മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് ആയി യഥാക്രമം **₹1,83,079/-**, **₹1,25,876/-** എന്നിങ്ങനെ ആകെ **₹3,08,955/-** അനുവദിച്ചിരുന്നു. എന്നാൽ 2013-14 വർഷത്തെ ബജറ്റിൽ, മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ടായിരുന്ന തുക, മേൽ തുക മുഴുവനായും നൽകുന്നതിന് പര്യാപ്തമായിരുന്നില്ല. ആയതിനാൽ അദ്ദേഹത്തിനു 19.12.2013 ന് 1,83,079/- രൂപാ മാത്രം നല്കുകയുണ്ടായി.

2013-14 വർഷത്തെ ബജറ്റിൽ, മറ്റിനങ്ങളിൽ ചെലവിൽ കുറവുവന്ന തുക കൂടി മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് ഇനത്തിൽ

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | വകയിരുത്താൻ 25.01.2014 ൽ ചേർന്ന ഐ.കെ.എം-ന്റെ 63-മത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനത്തിനായി സമർപ്പിച്ചിരുന്നെങ്കിലും ആയത് എക്സിക്യൂട്ടീവ് കമ്മിറ്റി നിരാകരിച്ചിരുന്നു. 2014-15 വർഷത്തെ ഐ.കെ.എം ബജറ്റിൽ മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് ഇനത്തിൽ 25 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നാളിതുവരെ ചെലവായ 1,71,939/- രൂപാ കഴിച്ച് ബാക്കി 23,28,061/- രൂപാ നീക്കിയിരിപ്പുണ്ട്.<br><br>ശ്രീ.ദിൽഷ.എസ് – ന് റീ- ഇംപേഴ്സ്മെന്റ് ഇനത്തിൽ ബാക്കി നൽകുവാനുള്ള തുകയായ 1,25,876/- രൂപ 2014-15 വർഷത്തെ ഐ.കെ.എം ബജറ്റിൽ മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്ന് നൽകാമോ എന്ന തീരുമാനത്തിനായി. ഐ.കെ.എം ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അനുവദിച്ചുകൊണ്ടുള്ള ആധികാരിക രേഖ അനുബന്ധം-4 ആയി ചേർക്കുന്നു. |
| | **എടുത്ത തീരുമാനം:** 2014-15 വർഷത്തെ ഐ.കെ.എം ബജറ്റിൽ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്ന് നൽകാൻ തീരുമാനിച്ചു. |
| 5.7 | **ഐ.കെ.എമ്മിന്റെ ബാങ്ക് അക്കൗണ്ടുകൾ സ്വരാജ് ഭവന് സമീപമുള്ള ദേശസാൽകൃത ബാങ്കുകളിലേക്ക് മാറ്റുന്നത് സംബന്ധിച്ച്.** |
| | 04.08.2014 ലെ 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ 3.7 നമ്പർ തീരുമാന പ്രകാരം ഐ.കെ.എമ്മിന്റെ എസ്.ബി.റ്റി, എസ്.ബി.ഐ എന്നീ ബാങ്കുകളിലായി നിലവിലുള്ള 6 അക്കൗണ്ടുകൾ സ്വരാജ് ഭവന് സമീപമുള്ള ദേശസാൽകൃത ബാങ്കുകളിലേക്ക് മാറ്റുന്നതിന് ബാങ്കിന്റെ ബ്രാഞ്ച് കൂടി ഉൾപ്പെടുത്തി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗീകാരം വാങ്ങേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നന്തൻകോട് ശാഖയിലേക്ക് ഐ.കെ.എമ്മിന്റെ ബാങ്ക് അക്കൗണ്ടുകൾ മാറ്റുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |
| | **എടുത്ത തീരുമാനം:** സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നന്തൻകോട് ശാഖയിലേക്ക് ഐ.കെ.എമ്മിന്റെ ബാങ്ക് അക്കൗണ്ടുകൾ മാറ്റുന്നതിനുള്ള പ്രൊപോസൽ അംഗീകരിച്ചു. |
| 5.8 | **ഇൻഫർമേഷൻ കേരള മിഷനിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്രോഗ്രാമർമാരുടെ കരാർ കാലാവധി ദീർഘിപ്പിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.** |
| | ഇൻഫർമേഷൻ കേരള മിഷനിലെ സോഫ്റ്റ്‌വെയർ വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാമറായി ജോലി ചെയ്തിരുന്ന ശ്രീ.അയ്യൂബ് എം.എച്ച് ന്റെ കരാർ കാലാവധി 01.10.2014-ന് അവസാനിച്ച സാഹചര്യത്തിലും ഇയാളുടെ സേവനം സോഫ്റ്റ്‌വെയർ വിഭാഗത്തിൽ അനിവാര്യമായതിനാലും ശ്രീ.അയ്യൂബ്.എം.എച്ച്-ന്റെ കരാർ കാലാവധി 25.10.2014 ലെ 6417/ഇ1/2014/ഐ.കെ.എം ഉത്തരവ് പ്രകാരം 07.10.2014 മുതൽ 3 മാസത്തേയ്ക്ക് പുതുക്കി നൽകുകയുണ്ടായി. ഈ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനും, സാധൂകരണത്തിനുമുള്ള നടപടികൾക്കായി സമർപ്പിക്കുന്നു. അടിയന്തിര സാഹചര്യത്തിൽ എടുത്ത ഈ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| | **എടുത്ത തീരുമാനം:** ശ്രീ.അയ്യൂബ്.എം.എച്ച്-ന്റെ കരാർ കാലാവധി 07.10.2014 മുതൽ 3 മാസത്തേയ്ക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കി നൽകിയ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി ശരിവച്ചു. ഐ.കെ.എമ്മിൽ നിലവിൽ കരാർ വ്യവസ്ഥയിലുള്ള ആരുടെയും കരാർ കാലാവധി തുടർന്ന് ദീർഘിപ്പിക്കേണ്ടതില്ല എന്നും തീരുമാനിച്ചു. |
| 5.9 | **ഡോ.എം.ഷംസുദ്ദീൻ, എക്സിക്യൂട്ടീവ് ഡയറക്ടർ അദ്ദേഹത്തിന്റെ മാതൃ സ്ഥാപനത്തിലേക്ക് തിരിച്ച് പോകുന്നത് സംബന്ധിച്ച്.** |
| | നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിൽ നിന്നും ഡോ.എം.ഷംസുദ്ദീൻ ജി.ഒ(ആർ.ടി) നം.3061/2013/തസ്ഥഭവ തീയതി 12.12.2013 പ്രകാരം ഐ.കെ.എം.എക്സിക്യൂട്ടീവ് ഡയറക്ടറായി ചാർജ് എടുത്തു. അദ്ദേഹം തന്റെ മാതൃവകുപ്പിലേക്ക് 01.12.2014 -ന് തിരികെ പോകുകയാണ്. കമ്മിറ്റിയുടെ അറിവിലേക്കായി സമർപ്പിക്കുന്നു. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. എക്സിക്യൂട്ടീവ് ഡയറക്ടർ സ്ഥാപനത്തിനു നൽകിയ സംഭാവനകളെ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രശംസിച്ചു. |
| 5.10 | **ഐ.കെ.എം – ഡേറ്റാ എൻട്രി ജീവനക്കാരുടെ ദിവസ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.** |
| | 28.10.2014 ലെ G.O(P) No.466/2014/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01.10.2014 മുതൽ ഡേറ്റാ എൻട്രി |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | ഓപ്പറേറ്റർമാരുടെ ദിവസവേതന നിരക്ക് 350 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട പഞ്ചായത്ത്, സാമൂഹ്യക്ഷമ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ ഐ. കെ. എം നിയമിച്ചിട്ടുള്ള ഡേറ്റാ എൻട്രി ഓപ്പറേറ്ററായ കുമാരി. രശ്മി പി ആർ ന് നൽകി വരുന്ന പ്രതിദിന വേതനം 350 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തി നൽകുന്നതിനുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിക്കുന്നു. |
| | **എടുത്ത തീരുമാനം:** രശ്മി പി ആറിന്റെ ദിവസവേതന നിരക്ക് 350 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തുന്നത് നിലവിലുള്ള ഐ.കെ.എം ജീവനക്കാരുടെ ഇടയിൽ അസന്തുലിതാവസ്ഥ ശ്രിഷ്ടിക്കും എന്നതിനാൽ തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. |
| 5.11 | **ഐ.കെ.എമ്മിൽ കരാർ വ്യവസ്ഥയിൽ താൽക്കാലികമായി മൂന്ന് പ്രോഗ്രാമർ ട്രയിനികളെ നിയമിക്കുന്നത് സംബന്ധിച്ച്.** |
| | കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുവേണ്ടി ഐ.കെ.എം വികസിപ്പിക്കുന്ന രണ്ട് സോഫ്റ്റ്‌വെയറുകൾ സംബന്ധിച്ച പ്രവൃത്തികൾ ചെയ്യുന്നതിലേയ്ക്കായി ഐ.കെ.എം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി കരാറിൽ ഏർപ്പെടുകയും ആയതിനുള്ള തുക ഐ.കെ.എമ്മിന് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീയാക്കുന്നതിനായി മൂന്ന് പ്രോഗ്രാമർ ട്രയിനികളെ നിയമിക്കേണ്ടതുണ്ട്.<br><br>ആയതിലേയ്ക്ക് താഴെപ്പറയുന്ന യോഗ്യതയും, പ്രവൃത്തി പരിചയവും ഉള്ള മൂന്ന് പ്രോഗ്രാമർ ട്രയിനികളെ പ്രതിമാസം 10,000/- (പതിനായിരം രൂപ) വേതനത്തിൽ കരാർ അടിസ്ഥാനത്തിൽ ആറ് മാസത്തേയ്ക്ക് താൽക്കാലികമായി നിയമിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിക്കുന്നു.<br><br>യോഗ്യത: BCA / MCA / Diploma (Computer Science Engineering) / B.Tech (Computer Science Engineering) with knowledge of PHP, Postgresql. Knowledge of PHP Codeigniter framework, JQuery framework is optional.<br>ഒഴിവുകളുടെ എണ്ണം: 3<br>പ്രവൃത്തി പരിചയം: 0 to 1 year preferred (including Academic projects/e-governance projects) |
| | **എടുത്ത തീരുമാനം:** ഐ.കെ.എം ഫീൽഡിൽ നിന്നും സമർഥരായ മൂന്ന് ജീവനക്കാരെ തെരഞ്ഞെടുത്ത് ഇതിനായി നിയോഗിക്കാൻ തീരുമാനിച്ചു. നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന ജീവനക്കാർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടുകൂടി Incentive നൽകാവുന്നതാണെന്നും തീരുമാനിച്ചു. അതിനുള്ള ഒരു പ്രൊപോസൽ എക്സിക്യൂട്ടിവ് കമ്മിറ്റിക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. |
| 5.12 | **ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സുലേഖ സോഫ്റ്റ്‌വെയറിന് അവാർഡ് ലഭിച്ചത് സംബന്ധിച്ച്.** |
| | ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ കൈകാര്യം ചെയ്യുന്ന 'സുലേഖ' സോഫ്റ്റ്‌വെയറിന് Computer Society of India (CSI) Nihilent e-Governance Awards 2013-14: Sustainability Award ലഭിച്ചിട്ടുള്ള വിവരം സന്തോഷപൂർവ്വം എക്സിക്യൂട്ടീവ് കമ്മിറ്റിയെ അറിയിക്കുന്നു. ആയതിന്റെ സമ്മാനദാന ചടങ്ങ് 2014 ഡിസംബർ മാസം 13-ാം തീയതി Jawaharlal Nehru Auditorium, Hyderabad ൽ വച്ച് നൽകുന്നതാണെന്ന് Computer Society of India അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അവാർഡ് ഏറ്റുവാങ്ങുന്നതിനായി എക്സിക്യൂട്ടീവ് ഡയറക്ടർ, ടീം ലീഡർ(സോഫ്റ്റ്‌വെയർ), പ്രോജക്റ്റ് മാനേജർ(സുലേഖ) എന്നിവർക്ക് ഹൈദ്രാബാദിലേക്ക് പോകുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |
| | **എടുത്ത തീരുമാനം:** അവാർഡ് ജേതാക്കൾക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി അഭിനന്ദനം അറിയിച്ചു. ഈ വിവരം സംബന്ധിച്ച് മാധ്യമങ്ങളിൽ പരസ്യം നൽകേണ്ടതാണെന്നും കമ്മിറ്റി തീരുമാനിച്ചു. അവാർഡ് ഏറ്റുവാങ്ങുന്നതിലേക്കായി ഹൈദ്രാബാദിലേക്കും തിരിച്ചുമുള്ള യാത്ര അംഗീകരിച്ചു. ജീവനക്കാർ അവർക്ക് അർഹമായ ക്ലാസുകളിൽ യാത്ര ചെയ്യേണ്ടതാണ്. |
| 5.13 | **ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സഞ്ചയ (നികുതി പിരിവ്) സോഫ്റ്റ്‌വെയറിന് അവാർഡ് ലഭിച്ചത് സംബന്ധിച്ച്.** |
| | ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് ഇ-പേയ്മെന്റ് മുഖാന്തരം നടപ്പിലാക്കുന്നതിനുള്ള വെബ്ബ് പോർട്ടലിന് (www.tax.lsgkerala.gov.in) സംസ്ഥാന സർക്കാരിന്റെ 2010 ലെ ഇ- |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| ഗവേണൻസ് അവാർഡ് 'സഞ്ചയ' സോഫ്റ്റ്‌വെയറിന് ഐ.ടി വകുപ്പ് മന്ത്രിയിൽ നിന്നും 2014 നവംബർ മാസം 12-ാം തീയതി ലഭിച്ചിട്ടുള്ള വിവരം സന്തോഷപൂർവ്വം എക്സിക്യൂട്ടീവ് കമ്മിറ്റിയെ അറിയിക്കുന്നു. | |
| **എടുത്ത തീരുമാനം:** ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച എല്ലാ ജീവനക്കാരെയും എക്സിക്യൂട്ടീവ് കമ്മിറ്റി അഭിനന്ദിച്ചു. | |

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

**പ്രിൻസിപ്പൽ സെക്രട്ടറി**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**(ചെയർമാൻ)**